Phone: 0495-2370220
Email: projectkkd@gmail.com

# KERALA WATER AUTHORITY

Office of the Executive Engineer, Project Division, Kozhikode-673009

Draft #7 of File PDK/D3/RKI/001/2020-21 Approved by Executive Engineer on 24-Jan-2022 05:43 PM - Page 1

നമ്പർ. PDK/D3/RKI/001/2020-21 തീയതി: 24.01.2022

പ്രേഷകൻ

എക്സിക്യൂട്ടീവ് എഞ്ചിനീയർ

സ്വീകർത്താവ്

ജില്ലാ കലക്ടർ ,

ഡി. ഐ . സി. സി . ചെയർപേഴ്സൺ,

വയനാട് ജില്ല

സർ,

വിഷയം:- റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ്-വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി, നൂൽപ്പുഴ മുട്ടിൽ പഞ്ചായത്തുകൾക്ക് വേണ്ടി നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതി-റോഡ് കട്ടിങ് അനുമതി -സംബന്ധിച്ച്.

സൂചന:- 1. ഈ ഓഫീസിൽ നിന്നുള്ള 17/06/2020 ലെ PDK/D3/RKI/2019 നമ്പർ കത്ത്.

2. 12/03/2021 ൽ PWD-NH കൽപ്പറ്റ സെക്ഷൻ ഓഫീസിൽ സമർപ്പിച്ച ഭൂമിയുടെ വിലനിർണ്ണയ സർട്ടിഫിക്കറ്റ്.

3. 09/02/2021 ൽ PWD-NH കൽപ്പറ്റ സെക്ഷൻ ഓവർസിയർ മുഖാന്തിരം നടത്തിയ റോഡിൻറെ സംയുക്ത പരിശോധന

4. ROW പോർട്ടലിൽ 26/09/2021 ൽ സമർപ്പിച്ച 1015759/19902,19903, 19904, 19905 എന്നീ നമ്പറുകളിലുള്ള അപേക്ഷ.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി, നൂൽപ്പുഴ മുട്ടിൽ പഞ്ചായത്തുകൾക്ക് വേണ്ടി നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തിയാണ് RKI ധനസഹായത്തോടെ നടത്തി വരുന്നത്. മൂന്ന് പാക്കേജുകളിലായി മുട്ടിൽ പഞ്ചായത്ത്, സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ വിതരണ ശൃഖല സ്ഥാപിക്കുന്ന പ്രവൃത്തിയും നൂൽപ്പുഴ പഞ്ചായത്തിൽ ഉന്നതതല ജല സംഭരണിയും വിതരണ ശൃഖലയും സ്ഥാപിക്കുന്ന പ്രവൃത്തിയും നടന്നു വരുന്നു. ഉൽപാദന ഘടകങ്ങളായ ശുദ്ധീകരണ ശാലയും, സംഭരണികളും, പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ എന്നിവയും സ്ഥാപിക്കുന്ന പ്രവൃത്തി നബാർഡ് ധനസഹായത്തോടെ ഒന്നാം ഘട്ടത്തിൽ പൂർത്തീകരിച്ച ജലവിതരണം നടത്താൻ സജ്ജമായി കഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ വിതരണ ശൃഖല സ്ഥാപിക്കുന്ന പ്രവൃത്തിയിൽ മൂന്ന് പാക്കേജുകളിലായി 73 കി. മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ച കഴിഞ്ഞു. ഈ പ്രവൃത്തികളുടെ ഭാഗമായി പൊതുമരാമത്ത് ദേശീയ പാതയിൽ കാക്കവയൽ മുതൽ കൊളവയൽ വരെയും കൊളഗപ്പാറ മുതൽ

നിരപ്പം വരെയും 25.75 കി മി നീളത്തിൽ വിതരണ ശൃഖല സ്ഥാപിക്കേണ്ടതുണ്ട്. ഇതിൽ 315 മീറ്റർ BM&BC ഉപരിതലവും , 15000 മീറ്റർ ഷോൾഡർ, 950 മീറ്റർ കോൺക്രീറ്റ്, 43 മീറ്റർ ഇൻറർലോക്ക് കട്ടിംഗ് ബാക്കി ഭാഗങ്ങൾ റോഡിന്റെ അതിരിലൂടെയുമാണ്. പ്രസ്തുത റോഡിലൂടെ പൈപ്പ് ലൈൻ സ്ഥാപിച്ചാൽ മാത്രമേ നിലവിൽ സ്ഥാപിച്ച കഴിഞ്ഞ വിതരണ ശൃഖലകളിലൂടെ ജലവിതരണം നടത്താൻ സാധിക്കൂ. ആയതിന് റോഡ് കട്ടിങ് അനുമതി ലഭിക്കുന്നതിന് വേണ്ടി സൂചന (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയും സൂചന (2) പ്രകാരം വില്ലേജ് ഓഫീസിൽ നിന്നുള്ള ഭൂമിയുടെ വിലനിർണ്ണയ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡിൻറെ സംയുക്ത പരിശോധന സൂചന (3) പ്രകാരം നടന്നിട്ടുണ്ട്. തുടർന്ന് പൊതുമരാമത്ത് ദേശീയപാത ഓഫീസിൽ നിന്നുള്ള നിർദ്ദേശം അനുസരിച്ച് സൂചന (4) പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഇതുവരെയും അനുമതി ലഭ്യമായിട്ടില്ല. റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ് ഫണ്ടുപയോഗിച്ച് നടന്നുവരുന്ന ഈ പ്രവൃത്തി മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും നേരിട്ട് അവലോകനം ചെയ്യപ്പെടുന്നതും സമയ ബന്ധിതമായി 2022 മെയ് മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്.

ആയതിനാൽ മേൽ പറഞ്ഞ റോഡിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി എത്രയും പെട്ടെന്ന് നൽകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,
BIJU P.C.
എക്സിക്യൂട്ടീവ് എഞ്ചിനീയർ

Draft #7 of File PDK/D3/RKI/001/2020-21 Approved by Executive Engineer on 24-Jan-2022 05:43 PM - Page 2

The document is digitally approved. Hence signature is not needed.